**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 740 **09.08.2017-** ലെ മറുപടിക്ക്

<u>നെന്മാറയിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം കോളനികളുടെ പ്രവർത്തനമാണ് നടക്കുന്നത്; ഈ പ്രവർത്തനം എന്ന് ആരംഭിച്ചതാണ്; നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഈ പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (ബി) | നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറപ്പാടം, പടിക്കൽപാടം എന്നീ പട്ടികജാതി കോളനികളെയാണ് അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2017 മാർച്ചിൽ MOU ഒപ്പ് വച്ച പ്രകാരം, നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ഓരോ കോളനിയുടെയും പദ്ധതി നിർവ്വഹണത്തിനായി 50,00,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. നെൻമാറപ്പാടം കോളനിയിൽ 29.04.2017-ന് മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും എസ്റ്റിമേറ്റ് എടുക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പടിക്കൽപാടം കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതികൾ അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ MOU പ്രകാരം ആറുമാസത്തെ കാലയളവാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ